A

612

# വാർഷിക മൂല്യനിർണയം 2016-17

## മലയാളം

ക്ലാസ്സ് : 6

## അടിസ്ഥാനപാഠാവലി

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1 : വിശകലനക്കുറിപ്പ്**

ബാലാമണിയമ്മയുടെ 'ബാലലീല' എന്ന കവിത നിങ്ങൾ പരിചയപ്പെട്ടല്ലോ. സ്വാതന്ത്ര്യത്തിന്റെ മാധുര്യമാണ് ഇതിൽ വർണിക്കുന്നത്.

***ഒരു കവിതാ ശകലം വായിക്കാം***

"നേരമില്ലുണ്ണിക്ക് നേരമില്ല
നേരമ്പോക്കോതുവാൻ നേരമില്ല
മുറ്റത്തെ മാവിന്റെ തോളിലൊന്നേറുവാൻ
മാറിലൊന്നാടുവാൻ നേരമില്ല".

എടപ്പാൾ. സി സുബ്രഹ്മണ്യൻ

കുട്ടികൾക്ക് കളിക്കാൻ നേരവും സ്വാതന്ത്ര്യവും ഇല്ലാതാകുന്ന ഈ അവസ്ഥയെപ്പറ്റിയുള്ള നിങ്ങളുടെ കാഴ്ചപ്പാട് എന്താണ് ? ഒരു കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 2 - വർണന**

പി.വത്സല എഴുതിയ 'തേങ്ങ' എന്ന കഥ നമ്മൾ വായിച്ചിട്ടുണ്ട്. അക്കമ്മ, പറമ്പിൽ വീണ തേങ്ങ പെറുക്കിയെടുക്കുന്നതിനെ എത്ര മനോഹരമായാണ് കഥാകാരി വർണിച്ചിരിക്കുന്നത്? നമ്മുടെ നാട് കൃഷിയിടങ്ങൾ കൊണ്ട് സമ്പന്നമാണല്ലോ. എന്തെല്ലാം കൃഷികൾ ! തെങ്ങ്, നെല്ല്, വാഴ, മരച്ചീനി.... കൃഷിയിടങ്ങൾ നോക്കി നിൽക്കുന്നതു തന്നെ കൗതുകമല്ലേ.

നിങ്ങൾ കണ്ടിട്ടുള്ള ഒരു കൃഷിയിടത്തിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു വർണന തയാറാക്കുക.

**പ്രവർത്തനം 3 - പ്രസംഗം**

"അഹിംസാവ്രതക്കാരനായ സത്യഗ്രഹിയുടെ മുഷ്ടിക്കുള്ളിലെ ഈ ഒരു പിടി ഉപ്പ് ശക്തിയുടെ പ്രതീകമാണ്. ഉപ്പ് പിടിച്ചിരിക്കുന്ന ഈ മുഷ്ടി തകർത്തേക്കാം. എന്നിരുന്നാലും ഇത്, ഈ ഉപ്പ് വിട്ടുകൊടുക്കുകയില്ല". -ഗാന്ധിജിയുടെ ഈ വാക്കുകളുടെ ആവേശം ഉൾക്കൊണ്ട് സ്വാതന്ത്ര്യ സമര ഭടന്മാർ വീരോചിതം പോരാടി, "നാം ചങ്ങലപൊട്ടിച്ച കഥ" എന്ന പാഠഭാഗത്തിലൂടെ ഇക്കാര്യം നാം മനസ്സിലാക്കിയല്ലോ.

ഒരു കടൽത്തീരത്തെ

ഒരു കുമ്പിൾ വെള്ളത്തിൽ

ഒരു മഹാഗർജ്ജനം കേട്ടു

ഒരുപിടിയുപ്പിന്റെ യുപ്പ് ; വിയർപ്പിലും

രുധിരത്തിലും തുടിച്ചല്ലോ ! ( രുധിരം - ചോര)

*( കരിവള്ളൂർ മുരളി)*

ഇതൊരുപ്പുതരിയായ് കേളപ്പനടരിന്റെ

കടലിരമ്പുന്നത് കേട്ട മണപ്പുറം ( അടർ - യുദ്ധം)

*( സച്ചിദാനന്ദൻ)*

സൂചനകൾ പരിഗണിച്ച്, സ്വാതന്ത്ര്യ സമരത്തിന്റെ ധീര ചരിത്രം കൂട്ടുകാർക്ക് പകർന്നു കൊടുക്കുന്നതിനുവേണ്ടി ഒരു പ്രസംഗം തയാറാക്കുക. പ്രധാനസംഭവങ്ങൾ വ്യക്തികൾ തുടങ്ങിയവ ഉൾപ്പെടുത്തുമല്ലോ..

**പ്രവർത്തനം 4 – കഥാപാത്രനിരൂപണം**

'തേങ്ങ' എന്ന കഥയിലെ പ്രധാന കഥാപാത്രമാണ് അക്കമ്മ. ഒട്ടേറേ സവിശേഷതകൾ ആ കുട്ടിയിൽ നമുക്ക് കാണാൻ കഴിയും. അനാഥത്വം, പ്രകൃതിയോടുള്ള ആത്മബന്ധം എന്നിവ അവയിൽ ചിലത് മാത്രം. തന്നിരിക്കുന്ന സൂചനകളും പ്രത്യേക ജീവിത സാഹചര്യങ്ങളും പരിഗണിച്ച് അക്കമ്മയെ കുറിച്ച് കഥാപാത്ര നിരൂപണം തയാറാക്കുക.

**പവർത്തനം 5 : ഉപന്യാസം**

അധ്വാനം ആഹ്ലാദകരമായ അനുഭവമാണ് നൽകുന്നതെന്ന് ' പുഞ്ച കൊയ്തേ, കളം നിറഞ്ഞേ' എന്ന നാടൻ പാട്ടിലൂടെ നമുക്ക് മനസ്സിലായി.

വെയിലു തീയാട്ടമാടും കൃഷിയിടം

കറുകറുത്ത മനുഷ്യർ മനോഹരർ

വിവിധ വിത്തുകൾ ശേഖരിച്ചോർമിച്ച്

വിത നടത്തി വിളയിച്ച പോർ നിലം

*(കുരീപ്പുഴ ശ്രീകുമാർ)*

കാക്കരോ കൂക്കരോ കരിയാത്തേ,

തായേലെക്കണ്ടം കൊയ്യണ്ടേ?

എന്തിനു വേണ്ടി കൊയ്യുന്നു ?

വിത്തിനുവേണ്ടി കൊയ്യുന്നു !

തന്നിരിക്കുന്ന കവിതയിലും നാടൻ പാട്ടിലുള്ള ആശയവും കൃഷിയുമായി ബന്ധപ്പെട്ടതാണല്ലോ. ഇവയെല്ലാം ഉൾപ്പെടുത്തി "നാടൻ പാട്ടുകളും, അധ്വാനവും തമ്മിലുള്ള ബന്ധം" എന്ന വിഷയത്തെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കുക.

*******